# 13

# പതിമൂന്നാം വാര പരിപാടി

## (തായ്‌വാൻ - ജിൻ റോങ്)

ഈ ക്വാർട്ടറിൽ നമ്മൾ വടക്കൻ ഏഷ്യ-പെസഫിക് ഡിവിഷനിലെ തെക്കൻ കൊറിയ, ജപ്പാൻ, മംഗോളിയ, ചൈന എന്നീ രാജ്യങ്ങളിലെ ആളുകളെ കണ്ടുമുട്ടി. ഇന്ന് നമുക്കു തായ്‌വാനിൽനിന്നുള്ള ഒരു മനുഷ്യനെ കണ്ടുമുട്ടാം.

സൈക്കിളിന്റെ ഫ്രെയിം പെയിന്റടിക്കുന്ന ജോലിക്ക് മദ്ധ്യ തായ്‌വാനിൽ വലിയ ശമ്പളമില്ല. പക്ഷേ ശബ്ബത്തിൽ അവധി കിട്ടും.

ജിൻ റോങ് ഗൗവും അദ്ദേഹത്തിന്റെ ഭാര്യയും ചെറുപട്ടണമായ ഷി-കാങ്ങിലെ 16 അംഗങ്ങളുള്ള ഒരു വർക്ക്ഷോപ്പിൽ ജോലിക്ക് കയറിയിട്ട് കുറെ വർഷം കഴിഞ്ഞു. ഈ ദമ്പതിമാർ ഒരു മാസം 15,000 തായ്‌വാനി ഡോളർ അഥവാ 500 യു.എസ്. ഡോളർ ശമ്പളമുണ്ടായിരുന്ന കമ്പനിയിൽ നിന്നും മാറിയത് ശബ്ബത്തനുസരിക്കാൻ വേണ്ടിയാണ്.

“ആ കാലത്ത് ജോലി കുറവായിരുന്നു” ജിൻ റോങ് പറയുന്നു: “പക്ഷേ ശബ്ബത്തിൽ ജോലിയില്ലാത്തതിൽ സന്തോഷിച്ചു.”

കുറച്ച് മാസങ്ങൾക്കുശേഷം ജോലി കാരണം ശബ്ബത്ത് അനുസരിക്കാൻ സാധിക്കാത്ത അവരുടെ സഹോദരനെയും നാല് സഹോദരിമാരെയും അവരുടെ കുടുംബത്തിനെപ്പറ്റിയും ചിന്തിച്ചു. ജിൻ അവന്റെ യജമാനനോട് തന്റെ ബന്ധുക്കൾക്കും ജോലി നല്കാനപേക്ഷിച്ചു. എന്നാൽ ജോലിയില്ലെന്ന് പറഞ്ഞ് അപേക്ഷ നിരസിച്ചു. ജിന്നിന്റെ നിരന്തരമായ പ്രേരണയാൽ അവസാനം അവന്റെ ഏഴ് ബന്ധുക്കൾക്കും അവിടെ ജോലി ലഭിച്ചു.

ജിൻ റോങിന്റെ ആവശ്യങ്ങൾ ദൈവം കണ്ടുവെന്നോണം സൈക്കിളിന്റെ ഫ്രെയിമുകളുടെ ഓർഡർ വലിയൊരു സൈക്കിൾ ഫാക്ടറിയിൽ നിന്ന് ഈ കമ്പനിക്ക് ലഭിച്ചു. അങ്ങനെ ജിൻ റോങും ഭാര്യയും മാസം 70,000 തായ്‌വാനി ഡോളർ അഥവാ 2,300 യു.എസ്. ഡോളർ സമ്പാദിക്കാൻ തുടങ്ങി. ജിൻ റോങ്ങിന് വർക്ക്ഷോപ്പിന്റെ ഫോർമാനായി സ്ഥാനക്കയറ്റം ലഭിച്ചു. അധികം പണം ലഭിക്കുന്നതിൽ അവൻ കൃതാർത്ഥനായിരുന്നു. എന്നാൽ ഇനി ഓർഡറുകൾ എടുക്കാൻ ശബ്ബത്തിൽ വേല ചെയ്യേണ്ടി വരുമോ എന്നവൻ പേടിച്ചു.

അവൻ പേടിച്ചിരുന്നതുപോലെ ഒരു വെള്ളിയാഴ്ച വൈകുന്നേരം കമ്പനിയുടെ ഉടമ ഒരു യോഗം വിളിക്കുകയും 16 ജോലിക്കാരും ശനിയാഴ്ച ജോലി ചെയ്യണമെന്ന് അറിയിക്കുകയും ചെയ്തു.

ജിൻ റോങ് ഉടനെ തന്നെ പറഞ്ഞു. "എനിക്കതിന് കഴിയില്ല."

ഉടമ പറഞ്ഞു: "അത് നിങ്ങളുടെ ഇഷ്ടമാണ്. നിങ്ങൾ ശബ്ബത്തനുഷ്ഠിക്കുകയാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ ജോലി നഷ്ടമാക്കും."

ഉടമ വളരെ ദേഷ്യത്തിലായിരുന്നു. ശബ്ബത്തിൽ ജോലിക്കാരിൽ പകുതി പേരും വന്നില്ല. ദേഷ്യത്തോടെ അയാൾ മറ്റ് ജോലിക്കാർക്കും അവധി കൊടുത്തു. പകരം ശനിയാഴ്ച സൂര്യാസ്തമനത്തിന് ശേഷവും ഞായറാഴ്ചയും ജോലി ചെയ്യാൻ അവരോടാവശ്യപ്പെട്ടു. ജിൻ റോങിനോടും ഈ പുതിയ രീതി തുടരാനാവശ്യപ്പെട്ടു. ശബ്ബത്തനുഷ്ഠിച്ചിരുന്ന ജോലിക്കാർ സന്തോഷത്തോടെ ശനിയാഴ്ച സൂര്യാസ്തമനത്തിന് ശേഷവും ഞായറാഴ്ചയും ജോലി ചെയ്തു.

മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ഉടമ വർക്ക്ഷോപ്പിലേക്ക് വീണ്ടും വന്നു. നേരെ പോയി ജിൻ റോങിനോട് ചോദിച്ചു: "നീ കൂടുതൽ പണം സമ്പാദിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?"

ജിൻ റോങ് ഞെട്ടിപ്പോയി. "ഞാൻ ശബ്ബത്തിൽ ജോലി ചെയ്തില്ലെങ്കിൽ എന്റെ ജോലി നഷ്ടമാകുമെന്ന് നിങ്ങൾ തന്നെയല്ലേ പറഞ്ഞത്." അവൻ പറഞ്ഞു.

സൈക്കിൾ ഫ്രെയിമുകളുടെ ആവശ്യം വളരെയധികം ഉയർന്നിരിക്കുകയാണെന്നും അതുകൊണ്ട് രണ്ടാമതൊരു കട കൂടി തുറക്കാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ജിൻ റോങിനെ ആ കമ്പനി ചുമതല ഏല്പിച്ച് പുതിയ ജോലിക്കാരെ എടുക്കുവാനും ട്രെയിനിങ് നല്കുവാനും അതുവഴി ശമ്പളം വർദ്ധനവിനുള്ള സാധ്യതയും അദ്ദേഹം വിവരിച്ചു. പക്ഷേ ശബ്ബത്തിൽ ജോലി ചെയ്യണം.

ഈ ജോലി വലിയൊരു അവസരമാണ്. പക്ഷേ ജിൻ സങ്കീ. 37:5 ഓർത്തു. "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നെ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും." അങ്ങനെ അവൻ തന്റെ വഴിയെ ദൈവത്തിൽ ഭരമേല്പിച്ചു. തനിക്ക് ലഭിച്ച ജോലിയുടെ നന്മ വേണ്ടെന്നു വച്ചു.

തന്റെ തീരുമാനത്തിൽ നിരാശ പ്രകടിപ്പിക്കുന്നതിനു പകരം വർക്ക്ഷോപ്പിന്റെ സമയത്തിനു സകലമാറ്റവും വരുത്തി. ജിൻ റോങിനെപോലെ

നല്ലൊരു ജോലിക്കാരനെ നഷ്ടമാക്കാൻ ഉടമസ്ഥന് തോന്നിയില്ല. പകരം ശബ്ബത്തിന്റെ മുഴുസമയവും കട പൂട്ടിയിടാൻ തീരുമാനിച്ചു.

“ഇപ്പോൾ ആരും ശബ്ബത്തിൽ ജോലി ചെയ്യുന്നില്ല. മുതലാളിയും ജോലി ചെയ്യുന്നില്ല” ജിൻ പറയുന്നു.

ജിന്നിന്റെ വിശ്വസ്തത കണ്ട് കൂടെ ജോലി ചെയ്യുന്ന നാലുപേർ സ്നാനപ്പെട്ടു. ചില ആഴ്ചകളിൽ ജിൻ ജോലി ചെയ്ത് വളരെ ക്ഷീണിതനാകും. എന്നാലും ദൈവകല്പന അനുസരിക്കുന്നതിനു ലഭിക്കുന്ന അവസരത്തിനായി ദൈവത്തെ സ്തുതിക്കുന്നു. ദൈവം പ്രാർത്ഥന കേട്ട് ഞങ്ങളെ സമാധാനത്തോടെ വസിപ്പിക്കുന്നതിനു നന്ദി.

തായ്‌വാനിലുടനീളമുള്ള ജനങ്ങളെയും വടക്കൻ ഏഷ്യ പെസഫിക് ഡിവിഷനിലെ മൊത്തം മനുഷ്യരെയും യേശുവിന്റെ സ്നേഹത്തെ അറിയിക്കുന്നതിനു നിങ്ങളുടെ കാണിക്കകൾ വളരെ സഹായകരമാണ്. ഉദാരമായി പതിമൂന്നാം വാരകാണിക്ക നമുക്ക് നല്കാം.

◈ ◈ ◈

Pubilshed by Jose Prakash for South West India Union of Seventh-day Adventists. Evergreen lane, Moospet road, Thrissur - 680005. Ph: 0487-2440341.
Type Setting and Printing@ Ebenezer Printers. Thrissur Ph: 0487-2361892